കേരള സർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

# വിഷൻ 2031

## പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാവി വികസന ലക്ഷ്യങ്ങൾ

# സംസ്ഥാനതല സെമിനാർ

**13 ഒക്ടോബർ തിങ്കളാഴ്ച, 2025**

**ടാഗോർ തിയേറ്റർ, തിരുവനന്തപുരം**



**പൊ**തുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഭാവിവികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി വിഷൻ 2031 സംസ്ഥാനതല സെമിനാർ 2025 ഒക്ടോബർ 13-ാം തീയതി ടാഗോർ തിയേറ്ററിൽ സംഘടിപ്പിച്ചു. "ജ്ഞാന സമൂഹത്തിലൂടെ നവകേരളം" എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി കേരള സർക്കാർ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. കേരളം കൈവരിച്ച എല്ലാ നേട്ടങ്ങളും സംരക്ഷിക്കുന്നതിനോടൊപ്പം തന്നെ മാറുന്ന ലോകക്രമത്തിന് അനുസരിച്ചുള്ള വിദ്യാഭ്യാസം നമ്മുടെ കുട്ടികൾക്ക് നൽകേണ്ടതുണ്ട്. കേരള സംസ്ഥാന രൂപീകരണത്തിന്റെ 75 വർഷങ്ങൾ 2031ൽ പൂർത്തിയാക്കുന്ന വേളയിൽ കേരളത്തിന്റെ സ്കൂൾ വിദ്യാഭ്യാസം









എന്തായിരിക്കണമെന്ന കാഴ്ചപ്പാട് അവതരിപ്പിക്കുന്ന വിഷൻ ഡോക്യുമെന്റ് തയ്യാറാക്കുക എന്നതായിരുന്നു സെമിനാറിന്റെ ലക്ഷ്യം. രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. കരിക്കുലം കമ്മിറ്റി അംഗങ്ങൾ, സംഘടനാപ്രതിനിധികൾ, എയ്ഡഡ് സ്കൂൾ മാനേജർമാർ, അധ്യാപകർ, എസ്.സി.ഇ.ആർ.ടി., ഡി.ഡി.ഇ., എസ്.ഐ.ഇ.റ്റി., ഡയറ്റ്, എസ്.എസ്.കെ., സീമാറ്റ്, എച്ച്.എസ്.ഇ., വി.എച്ച്.എസ്.ഇ., പരീക്ഷാഭവൻ, സ്കോൾ കേരള എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും ജീവനക്കാരും അധ്യാപക വിദ്യാർഥികളും മാധ്യമ പ്രവർത്തകരും ഉൾപ്പെടെ 1850 പേർ സെമിനാറിൽ



പങ്കെടുത്തു. ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി ശ്രീ. വി.ശിവൻകുട്ടിയുടെ അധ്യക്ഷതയിൽ യോഗ നടപടികൾ ആരംഭിച്ചു. ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, മറ്റ് വിശിഷ്ടാതിഥികളോടൊപ്പം ഭദ്രദീപം കൊളുത്തി സെമിനാർ ഉദ്ഘാടനം ചെയ്തു. പൊതുവിദ്യാഭ്യാസ സെക്രട്ടറി ഡോ.കെ. വാസുകി ഐ.എ.എസ്., ചടങ്ങിൽ പങ്കെടുത്തവർക്ക് സ്വാഗതം ആശംസിച്ചു. ബഹു. എം.എൽ.എ. അഡ്വ. ആന്റണി രാജു, പൊതുവിദ്യാഭ്യാസ ഡയറക്ടർ ശ്രീ. ഉമേഷ് എൻ.എസ്.കെ. ഐ.എ.എസ്., സംസ്ഥാന ആസൂത്രണ ബോർഡ് അംഗം പ്രൊഫ.മിനി സുകുമാർ, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ. ജയപ്രകാശ് ആർ.കെ., കൈറ്റ് സി.ഇ.ഒ. ശ്രീ. അൻവർ സാദത്ത്, എസ്.ഐ.ഇ.റ്റി. ഡയറക്ടർ ശ്രീ. ബി. അബുരാജ്, സ്കോൾ കേരള എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജിനേഷ് കുമാർ എം.എം., എസ്.ആർ.സി. ഡയറക്ടർ ഡോ. പി. പ്രമോദ്, വിദ്യാകിരണം അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ ഡോ. സി.രാമകൃഷ്ണൻ എന്നിവരും വേദിയിൽ സന്നിഹിതരായിരുന്നു.




## ശ്രീ. പിണറായി വിജയൻ
### ബഹു. കേരള മുഖ്യമന്ത്രി

കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖല ഇന്ന് വലിയതോതിലുള്ള മുന്നേറ്റം നേടിയിട്ടുണ്ട്. എന്നാൽ അത് സ്വയംഭൂവല്ല. ഒരു കാലത്ത് കേരളത്തിലെ മഹാഭൂരിപക്ഷവും അക്ഷരജ്ഞാനമില്ലാത്തവരായിരു




ന്നു. അതിനെ മാറ്റിയെടുക്കാൻ നവോത്ഥാന പ്രസ്ഥാനവും നവോത്ഥാന നായകരും വഹിച്ച പങ്ക് വലുതാണ്. വിദ്യാലയങ്ങളാണ് ആരംഭിക്കേണ്ടതെന്ന് പറഞ്ഞ ശ്രീനാരായണഗുരുവിനെയും പഞ്ചമിയുടെ കൈപിടിച്ച് ഊരുട്ടമ്പലം സ്കൂളിലെത്തിയ മഹാത്മാ അയ്യങ്കാളിയെയും പ്രത്യേകം പരാമർശിക്കണം. നവോത്ഥാനത്തിനുശേഷം നമ്മുടെ സമൂഹം മൂല്യങ്ങളും ആശയങ്ങളും ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോയി. കേരളത്തിൽ അഭിമാനകരമായ സാർവ്വത്രിക വിദ്യാ






ഭ്യാസം നടപ്പിലാക്കി. നടന്നെത്താവുന്ന ദൂരത്തെ സ്കൂളുകൾ, പഠനപിന്തുണ, ഫീസ് സൗജന്യം എന്നിവ പാവപ്പെട്ട കുട്ടികൾക്കും പഠിച്ച് മുന്നേറാൻ അവസരം നൽകി. 1957 ലെ ഇ.എം.എസ്. സർക്കാരാണ് ഇന്ന് കാണുന്ന അഭിമാനകരമായ കേരള വിദ്യാഭ്യാസത്തിന് അടിത്തറയിട്ടത്. പഴയ തലമുറയിൽപ്പെട്ടവർക്ക് അക്ഷരജ്ഞാനം ലഭിക്കുന്നതിനായി സാക്ഷരതാ പ്രസ്ഥാനം ആരംഭിച്ചു. ഇ.കെ. നായനാർ സർക്കാരിന്റെ കാലഘട്ടത്തിൽ എല്ലാവരും സാക്ഷരത നേടി. ഇത്തരത്തിൽ മുന്നേറിയ കേരളത്തിലെ വിദ്യാഭ്യാസം എന്നാൽ ഒരു ഘട്ടം കഴിഞ്ഞപ്പോൾ തകർച്ച നേരിട്ടു. പത്ത് വർഷം മുൻപുള്ള വിദ്യാഭ്യാസ മേഖലയല്ല കേരളത്തിൽ ഇന്നുള്ളത്. അന്ന് കുട്ടികൾക്ക് പഠിക്കാൻ പാഠപുസ്തകങ്ങൾ സമയത്ത് ലഭ്യമായിരുന്നില്ല. അവഗണന എല്ലാ രംഗത്തും ഉണ്ടായി. പൊതുവിദ്യാലയങ്ങളിൽ നിന്നും 5 ലക്ഷത്തോളം കുട്ടികൾ കൊഴിഞ്ഞുപോയി. 2016 ൽ ഇടത് സർക്കാർ അധികാരത്തിൽ വന്നപ്പോൾ വളരെയേറെ പ്രാധാന്യം കൊടുത്ത മേഖലയായിരുന്നു പൊതുവിദ്യാഭ്യാസം. തുടർന്ന് വലിയ മാറ്റം ഈ മേഖലയിൽ ഉണ്ടായി. സ്കൂൾ കെട്ടിടങ്ങൾ നവീകരിക്കുകയും അക്കാദമിക രംഗത്ത് കാലാനുസൃതമായ മാറ്റങ്ങൾ ഉണ്ടാവുകയും ചെയ്തു. സ്കൂൾ തുറക്കുന്നതിനു മുമ്പ് പാഠപുസ്തകങ്ങൾ കുട്ടികളുടെ കൈകളിലെത്തി. സാമൂഹിക പ്രതിബദ്ധതയുള്ള ഒരു സർക്കാർ അധികാരത്തിലുണ്ടായാൽ എങ്ങനെയുള്ള മാറ്റമാണ് വരുത്തേണ്ടതെന്ന് ഇത് തെളിയിച്ചു. മികവിന്റെ കൂട്ടത്തിൽ പൊതുവിദ്യാഭ്യാസ മേഖലയിലെ ദൗർബല്യങ്ങൾ നിരാകരിക്കരുതെന്നും അവ കണ്ടെത്തി പരിഹരിക്കാ

നുള്ള ഇടപെടലുകൾ ഉണ്ടാകണമെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. വിദ്യാഭ്യാസരംഗത്ത് ഇനിയും പുരോഗതിയുണ്ടാവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്നുള്ള ചർച്ച സെമിനാറിൽ ഉയർന്നുവരണം. രാജ്യത്തിന് മാതൃകയായ കേരളത്തിന്റെ പൊതുവിദ്യാഭ്യാസം ലോകത്തിലെ തന്നെ ഏറ്റവും ഉയർന്ന വിദ്യാഭ്യാസമേഖലയായി മാറണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

## ശ്രീ. വി.ശിവൻകുട്ടി

### ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി



ഒരു സമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ സുപ്രധാനമായ ഘടകമാണ് വിദ്യാഭ്യാസം. ബൗദ്ധികമായ വളർച്ചയ്ക്കും അറിവിനായുള്ള അന്വേഷണങ്ങൾക്കും അറിവിന്റെ സ്വാംശീകരണത്തിനും സഹായകവും പ്രേരകവുമാകണം വിദ്യാഭ്യാസം. സഹകരിച്ചും സഹവർത്തിച്ചും പ്രവർത്തിക്കാനും ലഭ്യമാകുന്ന വിവരങ്ങളെ വിശകലനം ചെയ്യാനും അറിവ് ഉത്പാദിപ്പിക്കാനും അതുവഴി അറിവിന്റെ അവകാശികളാകാനും വിദ്യാഭ്യാസത്തിലൂടെ നമുക്ക് കഴിയണം. വിവിധ സർക്കാർ സംവിധാനങ്ങളുടെ ഭാഗമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കുട്ടികൾക്ക് സമാനമായ സൗകര്യങ്ങളും അനുഭവങ്ങളും ഉറപ്പാക്കേണ്ടതുണ്ട്. ഇത് എങ്ങനെ ആകണം എന്നത് സംബന്ധിച്ച നിർദേശങ്ങൾ ഉണ്ടാകണം



**അധ്യാപക പ്രൊഫഷണൽ വികാസം:** അതിവേഗമാണ് ലോകം മാറിക്കൊണ്ടിരിക്കുന്നത്. ഈ മാറ്റങ്ങളുടെ മുന്നിൽ പതറി പോകാതെ ആത്മവിശ്വാസത്തോടെ പ്രശ്നങ്ങളെ നിർഭയമായി അഭിമുഖീകരിക്കുന്നതിനാവശ്യമായ കഴിവുള്ളവരായി നമ്മുടെ കുട്ടികൾ വളരണം. മറ്റാരോ വികസിപ്പിച്ച അറിവുകൾ ഉരുവിട്ട് പഠിച്ച് പരീക്ഷയിൽ ഉയർന്ന ഗ്രേഡ് വാങ്ങിയത് കൊണ്ട് മാത്രം കുട്ടികൾ ജീവിതത്തിൽ വിജയിക്കണമെന്നില്ല. ചുറ്റുപാടുകളിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ വിശകലനം ചെയ്ത് അറിവ് നിർമ്മിക്കുന്നവരായി നമ്മുടെ കുട്ടികൾ മാറണം. ഇങ്ങനെ മാത്രമേ അറിവിന്റെ അതിവേഗത്തിലുള്ള വികാസം നടക്കുന്ന ലോകക്രമത്തിൽ അതിജീവനം സാധ്യമാകൂ. അതിനായി കുട്ടികളെ പ്രാപ്തരാക്കാൻ കഴിയുംവിധം അധ്യാപകർ മാറേണ്ടതായിട്ടുണ്ട്. ഇവിടെയാണ് അധ്യാപകരുടെ പ്രൊഫഷണൽ വികാസത്തിന്റെ പ്രസക്തി. നിരന്തരം നവീകരിക്കപ്പെടുന്ന അധ്യാപകർക്ക് മാത്രമേ കുട്ടികളോടും സ്വന്തം തൊഴിലിനോടും നീതി പുലർത്താൻ കഴിയൂ. അധ്യാപകർ ആകുന്നതിനു മുമ്പുള്ള പരിശീലനവും അധ്യാപകരായ ശേഷം സേവന കാലത്ത് നടക്കുന്ന പരിശീലനങ്ങളും പൂർണമായും മാറേണ്ടതുണ്ട്. ഈ ദിശയിലേക്കുള്ള അധ്യാപക പ്രൊഫഷണൽ വികാസം സംബന്ധിച്ച് നിർദ്ദേശങ്ങൾ ഉണ്ടാവണം.



**വിദ്യാഭ്യാസ രംഗത്തെ ആധുനികവൽക്കരണം:** ഇത് സംബന്ധിച്ച ചർച്ച ആവശ്യമാണ്. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള പഠനം എന്നതാണ് കേരളം എക്കാലത്തും കൈക്കൊണ്ടുവരുന്ന നിലപാട്. അതിനുവേണ്ടി വളരെ വലിയ നിക്ഷേപം നടത്തി സ്കൂളുകളിൽ സൗകര്യങ്ങളൊരുക്കി. എന്നാൽ ഈ സൗകര്യങ്ങൾ അവരവരുടെ വിഷയങ്ങളിൽ/മേഖലകളിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുക എന്ന ഒരു രീതിശാസ്ത്രം ഇനിയും അധ്യാപകർക്കിടയിൽ വളർന്നു വരേണ്ടതുണ്ട്. സാങ്കേതിക വിദ്യാപഠനത്തെ വേറിട്ട് കാണുന്ന പ്രവണതയാണ് പലപ്പോഴും അധ്യാപകർ കൈക്കൊള്ളുന്നത്. സാങ്കേതികവിദ്യ പഠന പ്രവർത്തനത്തിന് ഭാഗമാക്കാൻ അധ്യാപകരെയും വിദ്യാർഥികളെയും സജ്ജമാക്കുന്നതു സംബന്ധിച്ചും ഇ-കണ്ടെന്റ് വികസിപ്പിക്കുന്നത് സംബന്ധിച്ചും നവീനമായ ആശയങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

**എല്ലാവരെയും ഉൾച്ചേർത്തും ഉൾകൊണ്ടുമുള്ള വിദ്യാഭ്യാസം:** ഭിന്നശേഷിയുള്ള കുട്ടികളുടെ വിദ്യാഭ്യാസം ഗൗരവമേറിയ പരിഗണന അർഹിക്കുന്നു. ചില കുട്ടികൾക്കെങ്കിലും സ്കൂളുകളിൽ വരുന്ന മറ്റു കുട്ടികളോട് ചേർന്ന് ഇടപഴകാനുള്ള അവസരം ലഭ്യമാകുന്നില്ല.

അതുപോലെ പ്രശ്നങ്ങളുടെ തീവ്രത അനുസരിച്ച് പ്രയോഗിക്കേണ്ട തന്ത്രങ്ങൾക്കും വ്യത്യാസമുണ്ടാകും. ഈ കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ടാകണം. ഇപ്പോൾ പൊതുവിദ്യാലയങ്ങളിൽ എത്തുന്ന ഭിന്നശേഷിയുള്ള വിദ്യാർഥികളുടെ ഗുണമേന്മാവിദ്യാഭ്യാസം എങ്ങനെ ആകണം എന്നത് സംബന്ധിച്ചും നിർദ്ദേശങ്ങൾ ഉണ്ടാകണം. അതുപോലെ സ്കൂൾ കാലഘട്ടം കഴിഞ്ഞാൽ ഈ കുട്ടികളുടെ റീഹാബിലിറ്റേഷൻ സംബന്ധിച്ച ആലോചനകൾ ഉണ്ടാകണം.

ഗോത്ര മേഖലയിലും തീരദേശ മേഖലയിലും അധിവസിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രത്യേക ശ്രദ്ധയുണ്ടാകണം. ഗോത്രമേഖലയിലെ പ്രശ്നം വളരെ സങ്കീർണമാണ്. ഓരോ വിഭാഗത്തിന്റേയും സാമൂഹ്യ സാംസ്കാരിക ഘടകങ്ങൾ ഭിന്നമാണ്. ആചാരങ്ങളും അനുഷ്ഠാനങ്ങളും ഏറെ സ്വാധീനിക്കുന്ന വിഭാഗമാണ് ആദിവാസി സമൂഹം. പഠനദിനങ്ങളിലെല്ലാം കുട്ടികൾ സ്കൂളിൽ എത്താത്തത് ഒരു പ്രശ്നമാണ്. ഓരോ വിഭാഗത്തിനും പ്രത്യേക പരിഗണന നൽകി പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടതുണ്ട്. അവരുടെ സാംസ്കാരിക തനിമയിൽ നിലനിർത്താവുന്നതിനെ അംഗീകരിച്ചുകൊണ്ട് അവരുടെ ജീവിതം കൂടുതൽ മെച്ചപ്പെടാൻ ഏതുതരം വിദ്യാഭ്യാസ അവസരങ്ങളാണ് ഒരുക്കേണ്ടത് എന്നതിൽ കൂടുതൽ വ്യക്തത ആവശ്യമുണ്ട്. അതുണ്ടാക്കാൻ ഈ സെമിനാറിന് കഴിയണം. ഗോത്രമേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസം, തീരദേശവാസികളായ കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യരംഗത്ത് കുട്ടികൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ, തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട് കുട്ടികൾക്കുള്ള മനോഭാവവും നൈപുണിയും വികസിപ്പിക്കേണ്ട ആവശ്യകത ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. പരീക്ഷാ നടത്തിപ്പിനെക്കുറിച്ച് ഗൗരവത്തോടെ ചർച്ചകൾ നടത്തേണ്ടതുണ്ട്. ലോകത്താകെ പരീക്ഷാ നടത്തിപ്പിൽ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. 2031 ൽ ഏതു തരത്തിലുള്ള മാറ്റങ്ങളാണ് കേരളത്തിൽ ഉണ്ടാകേണ്ടത് എന്ന ചർച്ച ആവശ്യമാണ്.



പാഠപുസ്തകത്തിന്റെ വലുപ്പം കുറയ്ക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യേണ്ടതുണ്ട്. ഇന്ന് 57 ലക്ഷത്തോളം വിദ്യാർഥികൾ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്. 2031 ൽ ഓരോ വിദ്യാർഥിയും ഏതെങ്കിലും ഒരു കായിക ഇനത്തിൽ മികച്ച നിലവാരം പുലർത്തുന്ന തരത്തിലാ

കണം. വിദ്യാർത്ഥികളും അധ്യാപകരും തമ്മിലുള്ള ബന്ധം കുറച്ചു കൂടി ഊട്ടി ഉറപ്പിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ രംഗത്തെ കച്ചവടം 2031 ൽ പൂർണ്ണമായും അവസാനിപ്പിക്കേണ്ടതാണ്. ഇതിൽ സൂചിപ്പിച്ച തും സ്കൂൾവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാത്ത കാര്യങ്ങ ളുണ്ടെങ്കിൽ അവയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഈ സെമിനാറിൽ നിന്നും പ്രതീക്ഷിക്കുന്നു.

## അഡ്വ. ആന്റണി രാജു

**എം.എൽ.എ.**




വിഷൻ-2031ന് ആശംസ അർപ്പിച്ച് അഡ്വ. ആന്റണിരാജു എം.എൽ.എ. സംസാരിച്ചു. സമാനതകളില്ലാത്ത മുന്നേറ്റമാണ് കേരള സർക്കാർ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതെന്നും ടീച്ചർ പ്രൊഫഷണലിസം, ഇൻ ഫർമേഷൻ ടെക്നോളജി എന്നിവ അത്യന്താപേക്ഷിതമായ ചർച്ചയ്ക്ക് വിഷയമാക്കേണ്ട മേഖലകളാണെന്നും ലോകത്തെമ്പാടും സംഭാവ നകൾ നൽകാൻ കേരളത്തിലെ വിദ്യാഭ്യാസത്തിന് സാധിച്ചിട്ടുണ്ടെ ന്നും അദ്ദേഹം സൂചിപ്പിച്ചു. വിദ്യാഭ്യാസ രംഗവും ആരോഗ്യരംഗവും മെച്ചപ്പെട്ടതുകൊണ്ടാണ് ഇത് സംഭവിക്കുന്നത്. കേരളത്തിലെ പോലെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഭാവനകൾ നൽകാൻ കഴിവുള്ള അധ്യാപകർ മറ്റൊരിടത്തുമില്ല. കേരളത്തിലെ സ്കൂൾ വിദ്യാർഥികൾക്ക് ആദ്യമായി പോഷകാഹാരം (മുട്ടയും പാലും) ഉറപ്പാ ക്കിയ അന്നത്തെ നായനാർ സർക്കാരിന്റെ കാലയളവിലെ മേയറാണ് നമ്മുടെ വിദ്യാഭ്യാസ മന്ത്രിയെന്നതും തദവസരത്തിൽ അദ്ദേഹം ഓർ മ്മിപ്പിച്ചു. സ്വകാര്യ സ്കൂളുകളെ വെല്ലുവിളിച്ചുകൊണ്ടുള്ള ഹൈ ടെക്

ക്ലാസ് മുറികളും, സ്കൂളുകളുമാണ് ഇന്ന് നമുക്കുള്ളത്. പണ്ട് ഏറ്റവും നന്നായി പഠിക്കുന്ന കുട്ടിയെ നല്ല കുട്ടിയായി കണ്ടിരുന്നെങ്കിലും ഇപ്പോൾ എല്ലാ കഴിവുകളിലും മുന്നിട്ടു നിൽക്കുന്നവരാണ് നല്ല കുട്ടികളായി കണക്കാക്കപ്പെടുന്നത്. കേരളത്തിന്റെ വികസനത്തിന്റെ അടിസ്ഥാനം പൊതുവിദ്യാഭ്യാസമാണ്. രാജ്യത്തിന്റെ വളർച്ചയിൽ അധ്യാപകരുടെ പങ്ക് ഓർമ്മിപ്പിച്ചുകൊണ്ട് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചു.

## പ്രൊഫ. മിനി സുകുമാർ

### സംസ്ഥാന ആസൂത്രണ ബോർഡ് അംഗം




ഇന്ത്യയിൽ തന്നെ ഏറ്റവും മികച്ചതും കൃത്യമായ നിലയിൽ പ്രവർത്തിക്കുന്നതുമായ ഒരു അധ്യാപക സമൂഹവും കൃത്യമായ പരിശീലന പരിപാടികളും സമൂഹവും സ്കൂളുകളുമായിട്ടുള്ള ബന്ധം മോണിറ്റർ ചെയ്യുന്ന ഒരു സംവിധാനവുമാണ് കേരളത്തിലുള്ളതെന്ന് സംസ്ഥാന ആസൂത്രണ ബോർഡ് അംഗം പ്രൊഫ. മിനി സുകുമാർ തന്റെ ആശംസാ പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് പ്രത്യേകിച്ച് കുട്ടികളുടെ പഠനശേഷികൾ വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ പ്രവർത്തനങ്ങൾ ചർച്ച ചെയ്യേണ്ടതുണ്ട്. മാത്രമല്ല ഉൾച്ചേർന്ന വിദ്യാഭ്യാസത്തെക്കുറിച്ചും ഗോത്രവർഗമേഖലയിലെ വിദ്യാഭ്യാസത്തെക്കുറിച്ചും ചർച്ച ചെയ്യേണ്ടതുണ്ട്. ഭിന്നശേഷി വിഭാഗത്തിലുള്ള കുട്ടികളെയും പ്രത്യേകം പരിഗണിക്കണം. പൗരബോധം, ലിംഗ തുല്യതാബോധം, സമൂഹവുമായുള്ള ബന്ധം, സഹജീവി സ്നേഹം എന്നിവ വളർത്തി സാമൂഹ്യജീവിതത്തിനുതകുന്ന ഒരു തലമുറയെ വാർത്തെടുക്കേണ്ടതുണ്ടെന്നും പ്രൊഫ. മിനി സുകുമാർ അഭിപ്രായപ്പെട്ടു. തൊഴിൽ വിദ്യാഭ്യാസത്തിനും മുൻഗണന നൽകണം. എല്ലാവർക്കും അനുകരണീയമായ രീതിയിലുള്ള ഒരു വിദ്യാഭ്യാസ നയം രൂപപ്പെടുത്തിയെടുക്കാൻ സെമിനാറിൽ പങ്കെടുക്കുന്നവർ സംഭാവന നൽകണമെന്ന് അഭ്യർഥിച്ചുകൊണ്ട് പ്രസംഗം അവസാനിപ്പിച്ചു.

## പാനൽ ചർച്ച

**(12.00 pm)**

ഉദ്ഘാടന സമ്മേളനത്തിനുശേഷം എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ. ജയപ്രകാശ് ആർ.കെ. മോഡറേറ്റർ ആയി പാനൽ ചർച്ച ആരംഭിച്ചു. ചർച്ചയിൽ വിദഗ്ധർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു.






## ഡോ.കെ.എൻ.ഗണേഷ്

**ചെയർപേഴ്സൺ,**
**കേരള ചരിത്ര ഗവേഷണ കൗൺസിൽ**

**വിഷയം : കേരളീയ പൊതുവിദ്യാഭ്യാസം - മികവിന്റെ നാൾ വഴികൾ, നാളെയുടെ പ്രതീക്ഷകൾ**



കേരള ചരിത്ര ഗവേഷണ കൗൺസിൽ ചെയർപേഴ്സൺ ഡോ.കെ.എൻ. ഗണേഷ് 'കേരളീയ പൊതുവിദ്യാഭ്യാസം– മികവിന്റെ നാൾവഴികൾ, നാളെയുടെ പ്രതീക്ഷകൾ' എന്ന വിഷയം അവതരിപ്പിച്ചു. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയവയ്ക്ക് തുല്യമായ വിദ്യാഭ്യാസമാണ് കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖല നൽകുന്നതെന്നും കുട്ടികളുടെ മാനസിക വികാസത്തിന് സ്കൂളുകളെപ്പോലെ സമൂഹത്തിനും തുല്യ പ്രാധാന്യമുണ്ടെന്നും അദ്ദേഹം പറഞ്ഞു.

അധ്യാപകർ കുട്ടികൾക്കൊപ്പം ചേർന്ന് നല്ലൊരു സുഹൃത്തിനെപ്പോലെ ഇനിയുള്ള നാളുകളിൽ മുന്നോട്ടുപോകണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. എല്ലാവരെയും വിദ്യാലയങ്ങളിലെത്തിക്കുവാനും രാജ്യത്ത് വിദ്യാഭ്യാസ രംഗത്ത് മുൻനിരയിലെത്താനും കേരളത്തിന് സാധിച്ചു. എല്ലാ വാർഡുകളിലേക്കും ഗ്രാമങ്ങളിലേക്കും വിദ്യാഭ്യാസം വ്യാപിപ്പിക്കാൻ കഴിഞ്ഞു. നിലവിൽ തീരദേശത്തെ/ഗോത്രമേഖലകളിലെ കുട്ടികൾക്കിടയിൽ ചെറിയതോതിൽ കൊഴിഞ്ഞുപോക്ക് നടക്കുന്നുണ്ട്. നമ്മുടെ വിദ്യാർഥികൾ പ്രകടന മികവിൽ എല്ലാ മേഖലകളിലും മുന്നേറിയിട്ടുണ്ട്. ലിംഗനീതിയധിഷ്ഠിത വിദ്യാഭ്യാസവും ഉൾച്ചേർന്ന വിദ്യാഭ്യാസവും കേരളത്തിൽ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. പാഠ്യപദ്ധതി പ്രകാരം നടക്കുന്ന വിദ്യാഭ്യാസ പ്രക്രിയയിൽ പഠനനേട്ടങ്ങൾ എത്രത്തോളം പ്രാപ്യതയ്ക്കും കൊഴിഞ്ഞുപോക്കിനും കാരണമായിട്ടുണ്ടെന്ന് പരിശോധിക്കേണ്ടതാണ്. വ്യത്യസ്ത പശ്ചാത്തലത്തിൽ നിന്നുള്ള പഠിതാക്കളും സാംസ്കാരിക വൈവിധ്യങ്ങളും ഉൾക്കൊള്ളുന്നതാവണം പാഠ്യപദ്ധതി. പഠിതാവിന്റെ അറിവും ശേഷികളും ഒരുമിച്ചുകൊണ്ടുപോകേണ്ടതിന്റെ ആവശ്യകത അദ്ദേഹം തദവസരത്തിൽ ഓർമ്മിപ്പിച്ചു. സാങ്കേതികവിദ്യയും പഠനപ്രക്രിയയും ഉൾച്ചേർക്കേണ്ടത് എങ്ങനെയെന്ന് ആഴത്തിൽ ചർച്ച ചെയ്യേണ്ടതിന്റെ ആവശ്യം ഉന്നയിച്ചു. അറിവിനെയും ശേഷികളെയും നൂതന സാങ്കേതികവിദ്യയായ നിർമ്മിതബുദ്ധി (AI) യുമായി ബന്ധിപ്പിക്കേണ്ടത് പ്രാധാന്യം അർഹിക്കുന്നതാണെന്ന് അദ്ദേഹം വ്യക്തമാക്കി.

## പ്രൊഫ. നമിത രംഗനാഥൻ

### പ്രൊഫസർ, ഡൽഹി സർവ്വകലാശാല

**വിഷയം : നാളെയുടെ അധ്യാപകരും ടീച്ചർ പ്രൊഫഷണലിസവും**

പ്രൊഫ. നമിത രംഗനാഥൻ 'നാളെയുടെ അധ്യാപകരും ടീച്ചർ പ്രൊഫഷണലിസവും' എന്ന വിഷയം അവതരിപ്പിച്ചു. അധ്യാപകരായി പ്രവർത്തിക്കുക എന്നത് സമൂഹത്തിൽ വളരെയധികം ഉത്തരവാദിത്വമുള്ള ജോലിയാണെന്നും ഭാവിതലമുറയെ വളർത്തുകയും തളർത്തുകയും ചെയ്യുന്ന ജോലിയിൽ പ്രവർത്തിക്കുമ്പോൾ അതീവ ശ്രദ്ധയും കാര്യക്ഷമതയും അധ്യാപകർക്ക് ഉണ്ടാവണമെന്നും ഓർമ്മപ്പെടുത്തി. അധ്യാപകർക്ക് വിദ്യാർഥിയുടെ ജീവിതത്തിലുള്ള പങ്ക് വളരെ വലുതാണ്. ദേശീയ തലത്തിലുള്ള സർവേകളും













ഗവേഷണ പഠന റിപ്പോർട്ടുകളും വ്യക്തമാക്കുന്നത് കേരളം എല്ലാ അർത്ഥത്തിലും മികവിൽ വേറിട്ടുനിൽക്കുന്നു എന്നാണ്. അധ്യാപകരുടെ സാമൂഹ്യപ്രതിഛായ, സ്വന്തം പ്രതിഛായ എന്നിവ പ്രാധാന്യമർഹിക്കുന്നു. അധ്യാപകർ അവരുടെ തൊഴിൽപദവിയെ പുനർചിന്തനത്തിന് വിധേയമാക്കണം. അധ്യാപക പരിശീലനത്തിൽ നിന്നും അധ്യാപക വികാസ കാഴ്ചപ്പാടിലേക്ക് പരിശീലനം മാറേണ്ടതുണ്ട്. അതിനായി നിരന്തരമായ പരിശീലനം അധ്യാപകർക്ക് നൽകേണ്ടതുണ്ട്. പാഠപുസ്തകങ്ങൾക്ക് പുറമേ സേവന പൂർവ്വ പരിശീലനങ്ങളിലും സേവനകാല പരിശീലനങ്ങളിലും അധ്യാപകർ ഏർപ്പെടേണ്ടതുണ്ട്. അധ്യാപകരും രക്ഷിതാക്കളും വിദ്യാഥികളും അടങ്ങുന്ന ചെറിയ കമ്മ്യൂണിറ്റികൾ ഉണ്ടാക്കുകയും അവയിലൂടെ സാമൂഹിക ആശയങ്ങളും കുട്ടികളുടെ വളർച്ചയ്ക്ക് ആവശ്യമായ പൊതുവായ അഭിപ്രായ ശേഖരണവും നടത്താനും കഴിയണം. അധ്യാപകർ നിരന്തരം സ്വയം വിലയിരുത്തലിന് വിധേയമാകണം. ലോകത്തിലെ ഓരോ സ്കൂളും ഓരോ സൂക്ഷ്മ പ്രപഞ്ച (Microcosm) മാണ്. ഇതിൽ അധ്യാപകരുടെ പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. ഓരോ സ്കൂളിന്റെ പ്രവർത്തനത്തിനും പ്രാദേശികഘടകങ്ങൾ പരിഗണിക്കേണ്ടതുണ്ട്. Contextual Truth ഉം Contextual Reality ഉം വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. അധ്യാപകർ ഗവേഷണതൽപരരും കുട്ടികളിൽ സാമൂഹികവും വൈകാരികവുമായ നൈപുണികൾ രൂപപ്പെടുത്തുന്നതിന് പ്രാപ്തരുമായിരിക്കണം. അധ്യാപകരുടെ അറിവുകൾ കൊണ്ട് കുത്തിനിറയ്ക്കേണ്ട ഒഴിഞ്ഞ പാത്രങ്ങളല്ല കുട്ടികൾ. നിർമ്മിതബുദ്ധി വന്നാലും ഭാവിയിൽ അധ്യാപകരുടെ പ്രാധാന്യം വർദ്ധിക്കുകതന്നെ ചെയ്യുമെന്നും അവർ വ്യക്തമാക്കി.

# പ്രൊഫ. കഥൻ ശുക്ല

പ്രൊഫസർ, ഐ.ഐ.എം.
അഹമ്മദാബാദ്

## വിഷയം : ഗുണമേന്മാ വിദ്യാഭ്യാസം – കാര്യക്ഷമമായ ഭരണനിർവ്വഹണം




നിലവിൽ പിന്തുടരുന്ന വിദ്യാഭ്യാസ രീതിയിൽ കാര്യമായ മാറ്റം വരുത്തിയാൽ മാത്രമേ വിദ്യാഭ്യാസത്തിന്റെയും വിദ്യാർഥികളുടെയും നിലവാരം ഉയർത്താനാവൂ. പാഠപുസ്തകങ്ങൾ copy-paste ചെയ്യുന്ന തരത്തിലാണ് ഇന്ന് വിദ്യാർഥികൾ പഠിച്ചുപോരുന്നത്. പാഠപുസ്തകങ്ങൾ മാത്രം പഠിച്ചാൽ വിദ്യാർഥികളുടെ കഴിവ് വർദ്ധിപ്പിക്കാൻ കഴിയില്ല. പഠനരീതികളിൽ മാറ്റം അനിവാര്യമാണ്. ആശയങ്ങൾ മനഃപാഠമാക്കാതെ കുട്ടി അറിവ് കണ്ടെത്തുന്ന തരത്തിലുള്ള Discovery learning ന് പ്രാധാന്യം നൽകണം. കുട്ടികൾക്ക് ലൈബ്രറി ഉപയോഗിക്കുന്നതിന് അധികം സമയം ലഭിക്കുന്നില്ലെന്നും വിദ്യാഭ്യാസത്തിന്റെ പ്രവർത്തനപരമായ നിർവചനം കുട്ടികളുടെ പ്രവേശനം, കൊഴിഞ്ഞുപോക്ക് അല്ലെങ്കിൽ ഗുണനിലവാരം എന്നിവയ്ക്കപ്പുറം വിശാലമാക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. വിദ്യാർഥികളുടെ സമഗ്രമായ വിലയിരുത്തലിനായി ഒരു ടേമിൽ ഒരു പ്രാവശ്യമെങ്കിലും AI ഉപയോഗിക്കണം. വിദ്യാഭ്യാസ നവീകരണങ്ങൾ സ്കൂളുകളിൽ ശാക്തീകരിക്കുകയും കുട്ടികളുടെ ആവശ്യത്തിനായി ഉപയോഗിക്കുകയും വേണം. പ്രശ്നങ്ങളിലൂടെ ജീവിക്കുകയല്ല പകരം പ്രശ്നം പരിഹരിച്ചുകൊണ്ടുവേണം ജീവിക്കാൻ. അതിനായി കുട്ടികളെ പ്രാപ്തരാക്കുക. ഓരോ വർഷവും ഓരോ ക്ലാസുകളിലെയും വിദ്യാർഥികളെ പ്രത്യേകം വിലയിരുത്തണം. അതിന്റെ അടിസ്ഥാനത്തിൽ ഓരോരുത്തർക്കും നൽകുന്ന വിദ്യാഭ്യാസത്തിൽ മാറ്റം വരുത്തണം. ഒരു വർഷം 15 മുതൽ 16 ലക്ഷം വരെ വിദ്യാർഥികൾ എഞ്ചിനീയറിംഗ് പഠനം പൂർത്തിയാകുന്നു. എന്നാൽ 1.6 ലക്ഷം പേർക്ക് മാത്രമാണ് ആ മേഖലയിൽ തൊഴിൽ നേടാനാവുന്നത്. സ്ഥാപനങ്ങൾക്കാവശ്യം പ്രശ്നങ്ങൾ പരിഹരിക്കാനും മേഖലയിൽ കഴിവ് തെളിയിക്കാനും സാധിക്കുന്നവരെയാണ്. അതിനാൽ അത്തരം രീതികളിലേക്ക് വിദ്യാഭ്യാസത്തിന്റെ നിലവാരം മാറ്റണമെന്ന് അദ്ദേഹം പറഞ്ഞു.

# ഡോ. വാസുകി കെ. ഐ.എ.എസ്.,
## പൊതുവിദ്യാഭ്യാസ സെക്രട്ടറി, കേരളം

### വിഷയം : പൊതുവിദ്യാഭ്യാസത്തിന്റെ പുരോഗതിയുടെ നാൾവഴികൾ




1951 തുടങ്ങി 2011 വരെയുള്ള കേരളത്തിന്റെ സാക്ഷരതാ നിരക്ക് പരിശോധിക്കുമ്പോൾ വളരെ ഉയർന്ന വർദ്ധനവ് പ്രകടമാണ്. ലിംഗവ്യത്യാസത്തിന്റെ തോത് വളരെ താഴ്ന്ന നിരക്കിലുമായി (4.4%). കേരളത്തിൽ DGE, SCERT, SIEMAT, SIET, KITE, SSK, വിദ്യാകിരണം, സ്കോൾ കേരള തുടങ്ങിയ ഏജൻസികളാണ് പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നത്. കേരളത്തിൽ ഏകദേശം 75% ത്തോളം സ്കൂളുകളും സർക്കാർ/സർക്കാർ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്നവയാണ്. കൂടാതെ 80% ലധികം കുട്ടികളും കേരള പാഠ്യപദ്ധതി പ്രകാരം പഠിക്കുന്നവരാണ്. 12-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം, പാവപ്പെട്ട കുട്ടികൾക്ക് സൗജന്യ യാത്ര, മറ്റു കുട്ടികൾക്ക് യാത്രാനിരക്കിലുള്ള ഇളവ്, ഉച്ചഭക്ഷണം, 8-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് സൗജന്യ പാഠപുസ്തകങ്ങളും യൂണിഫോമും, എസ്.സി./എസ്.ടി. കുട്ടികൾക്കായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്ന പരിഹരണത്തിനായി പ്രത്യേക പരിഗണന, അധ്യാപകരുടെ സ്ഥലമാറ്റത്തിൽ സുതാര്യത, 12-ാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തെ ഒറ്റ കുടക്കീഴിൽ കൊണ്ടുവരാനുള്ള ശ്രമങ്ങൾ എന്നിവ പൊതുവിദ്യാഭ്യാസത്തിന്റെ പ്രധാന നേട്ടങ്ങളായി എടുത്തു പറയേണ്ടവയാണ്. കൂടാതെ എൽ.പി. മുതൽ ഹൈസ്കൂൾ വരെയുള്ള കുട്ടികളുടെ മാത്രമല്ല എസ്.സി./എസ്.ടി. കുട്ടികളുടേയും കൊഴിഞ്ഞുപോക്ക് വളരെയധികം കുറഞ്ഞിട്ടുണ്ട്. നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി പൊതുസംരക്ഷണയജ്ഞം നടപ്പിലാക്കുകയും അതിലൂടെ തുല്യതയും ഗുണമേന്മയുള്ള വിദ്യാഭ്യാസവും കുട്ടികൾക്ക് ഉറപ്പുവരുത്തുന്നു. സമത്വം, സാഹോദര്യം, മാനവികത, ആധുനികത, മതേതരത്വം എന്നീ മൂല്യങ്ങൾ വിദ്യാഭ്യാസത്തിലൂടെ ഉറപ്പുവരുത്തി എല്ലാ സ്കൂളുകളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക, ആഗോള താപനം, കാലാവസ്ഥ വ്യതിയാനം എന്നീ വെല്ലുവിളികളെ നേരിടുന്നതിനായി കുട്ടികളിൽ പാരിസ്ഥിതിക അവബോധം വളർത്തിയെടുക്കുക, സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ

മെച്ചപ്പെടുത്തുക തുടങ്ങിയവയാണ് പൊതുവിദ്യാഭ്യാസവകുപ്പിന്റെ ലക്ഷ്യങ്ങൾ. അതിലേക്കായി സ്കൂളുകൾ സാങ്കേതികവിദ്യ സൗഹൃദമാക്കുകയും സമൂഹത്തിന്റെ ഇടപെടലുകളും സ്കൂൾ വിദ്യാഭ്യാസത്തിന്റെ വികസനത്തിന് മുതൽകൂട്ടായി. വിവിധ സ്കോളർഷിപ്പ് പദ്ധതികൾ, എല്ലാ പഞ്ചായത്തിലും ഹൈസ്കൂൾ, ഓരോ വർഷവും അക്കാദമിക മാസ്റ്റർ പ്ലാൻ, ഫയലുകൾ സമയബന്ധിതമായി തീർപ്പു കൽപ്പിക്കാൻ സംസ്ഥാന/പ്രാദേശിക അദാലത്തുകൾ തുടങ്ങിയവയും ശ്രദ്ധേയമായ നേട്ടങ്ങളാണ്. ഗോത്ര വിഭാഗത്തിലെ കുട്ടികൾക്കായി പ്രത്യേക പാക്കേജ്, അതിഥി തൊഴിലാളികളുടെ മക്കൾക്കായി പ്രത്യേക പരിശീലന മൊഡ്യൂളുകൾ, ശ്രവണപരമായി വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന അധ്യാപകർക്ക് ഇന്ത്യൻ സൈൻ ലാംഗ്വേജ് പഠിപ്പിക്കുന്നതിനായുള്ള പരിശീലന പദ്ധതിയായ മുദ്രികാപാഠം, കാഴ്ചപരിമിതിയുള്ള കുട്ടികൾക്കായി ശ്രുതിപാഠം ഓഡിയോ ലൈബ്രറി, ശാരദാ ബ്രെയിലി, ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി പ്രത്യേക പാക്കേജുകൾ, പഠനത്തിൽ പ്രയാസം നേരിടുന്ന കുട്ടികളുടെ മികവിനായി 'ശ്രദ്ധ' പദ്ധതി, സ്കൂൾ സാമൂഹ്യ സേവന പദ്ധതികൾ, ഗണിത പരിപോഷണ പദ്ധതിയായ 'മഞ്ചാടി', ശാസ്ത്ര പരിപോഷണ പദ്ധതിയായ 'മഴവില്ല്', പ്രതിഭാധനരായ കുട്ടികളിൽ മികവിന്റെ പ്രോത്സാഹനം തുടങ്ങിയ അക്കാദമിക ഇടപെടലുകളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രീ പ്രൈമറി സ്കൂളുകൾ നവീകരിക്കുന്നതിന്റെ ഭാഗമായ 'വർണകൂടാരം' പദ്ധതി 600 ലധികം സ്കൂളുകളിൽ നടപ്പിലാക്കി. ലഹരി ഉപയോഗം, വിഷാദം, ആത്മഹത്യാ പ്രവണത, അമിതമായ ഓൺലൈൻ ഗെയിമുകളുടെ ഉപയോഗം എന്നിവ തടയാനുള്ള കൗമാര വിദ്യാഭ്യാസം, എൻ.എസ്.ക്യൂ.എഫ് അടിസ്ഥാനമാക്കിയുള്ള Skill Development Centre കൾ എന്നിവയും പ്രധാനപ്പെട്ട നേട്ടങ്ങളാണ്. എൽ.പി./യു.പി., ഹൈസ്കൂൾ, ഹയർസെക്കൻഡറി അധ്യാപകർക്കായി അവധിക്കാല അധ്യാപക പരിശീലനം നൽകുന്നത് അധ്യാപനത്തിന്റെ നിലവാരം ഉയർത്തുന്നു.



സ്കൂൾ വിക്കി, VICTERS ചാനൽ, Robotic Education (10-ാം ക്ലാസ്), ഹൈടെക് ക്ലാസ്, ഹൈടെക് ലാബുകൾ, AI, AVGC എന്നിവ സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കി. 3,74,274 ഡിജിറ്റൽ ഉപകരണങ്ങൾ 1 മുതൽ 12 വരെയുള്ള കുട്ടികൾക്ക് വിതരണം ചെയ്തു.

സ്കൂളുകൾ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സമഗ്ര, ലിറ്റിൽ കൈറ്റ്സ്, KOOL, ഹൈടെക് സ്കൂൾ കുട്ടിക്കൂട്ടം പ്രോഗ്രാം, E-cube (English Language Lab in all primary schools), Tech – talent (Training for MRS), Skill Training എന്നിവ നടപ്പിലാക്കി വരുന്നു. ഗവേഷണ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ഏജൻസികളുമായി സഹകരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് STREAM Ecosystem, I Lab, Centre for Early Innovation എന്നിവ നടപ്പിലാക്കി വരുന്നു.

E-Governance ന്റെ ഭാഗമായി ഇ-തപാൽ, സമ്പൂർണ, സമന്വയ, സമഗ്ര പ്ലസ്, സഹിതം പോർട്ടൽ എന്നിവ നടപ്പിലാക്കി. സാമൂഹിക പങ്കാളിത്തത്തിന്റെ ഭാഗമായി ഹരിതവിദ്യാലയം, ശുചിത്വവിദ്യാലയം, ലഹരി വിരുദ്ധ ക്യാമ്പയിനുകൾ, സ്കോൾ കേരളയുടെ നേതൃത്വത്തിൽ Domiciliary Nursing Course ൽ Diploma, 4 ലക്ഷം രക്ഷിതാക്കൾക്ക് Cyber Security Training എന്നിവ നടപ്പിലാക്കി വരുന്നു. സ്കൂൾ കുട്ടികൾക്കായി വിവിധ പോഷകാഹാര പദ്ധതികൾ, ആഹാരത്തിന്റെയും കുടിവെള്ളത്തിന്റെയും സാമ്പിൾ പരിശോധന എന്നിവ നടപ്പിലാക്കി വരുന്നുണ്ട്. ഒരു അക്കാദമിക വർഷത്തിൽ വിവിധ കലാകായിക മേളകൾ സംഘടിപ്പിച്ചുവരുന്നു.



# ശ്രീ. വെങ്കടേഷ് ഹരിഹരൻ

## ഇന്ത്യൻ പ്രതിനിധി
## ഓപ്പൺ ഇൻവെൻഷൻ നെറ്റ് വർക്ക്

### വിഷയം : വളരുന്ന സാങ്കേതികവിദ്യ - മാറേണ്ട സ്കൂൾ വിദ്യാഭ്യാസ രീതിശാസ്ത്രങ്ങൾ



സ്കൂൾ വിദ്യാഭ്യാസ രംഗത്ത് സ്വതന്ത്രവും ഓപ്പൺ സോഴ്സുമായ സോഫ്റ്റ്‌വെയർ (FOSS) ഉപയോഗിച്ച് കൈവരിച്ച വിജയം ഉന്നത വിദ്യാഭ്യാസ രംഗത്തേക്ക് കൂടി വ്യാപിപ്പിച്ച് കേരളം ഒരു ആഗോള ഓപ്പൺ സോഴ്സ് ഹബ്ബായി മാറണമെന്ന് ഓപ്പൺ ഇൻവെൻഷൻ നെറ്റ്‌വർക്കിന്റെ (OIN) ഇന്ത്യാ പ്രതിനിധി വെങ്കടേഷ് ഹരിഹരൻ അഭിപ്രായപ്പെട്ടു. "മാറേണ്ട സ്കൂൾ വിദ്യാഭ്യാസ രീതിശാസ്ത്രങ്ങൾ" എന്ന വിഷയത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിലൂടെ കേരളം ഏകദേശം 3,000 കോടി രൂപ ലാഭിച്ചിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ നേട്ടം സാമ്പത്തിക ലാഭത്തിൽ മാത്രം ഒതുങ്ങുന്നില്ല, മറിച്ച് ആവശ്യാനുസരണം മാറ്റങ്ങൾ വരുത്താനുള്ള സൗകര്യവും വഴക്കവും ഇത് നൽകുന്നുണ്ട്. കൈറ്റിന്റെ (KITE) നേതൃത്വത്തിൽ സ്കൂൾ തലത്തിൽ നടപ്പാക്കിയ ഈ മാതൃക ഉന്നത വിദ്യാഭ്യാസ രംഗത്തും ആവർത്തിച്ചാൽ, കേരളത്തിന് ഇന്ത്യയിലെ വിദ്യാഭ്യാസ സംവിധാനത്തിന് തന്നെ വഴികാട്ടിയാകാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഇന്ന് എല്ലാ മേഖലകളിലും സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ സാന്നിധ്യമുണ്ട്. ലോകത്തിലെ ഏറ്റവും മികച്ച 500 സൂപ്പർ കമ്പ്യൂട്ടറുകളും പ്രവർത്തിക്കുന്നത് ലിനക്സിലാണ്. ചൊവ്വയിൽ പ്രവർത്തിച്ച നാസയുടെ ഹെലികോപ്റ്ററിൽ പോലും ലിനക്സാണ് ഉപയോഗിച്ചത്. ഗൂഗിൾ, ഫേസ്ബുക്ക് തുടങ്ങിയ ആഗോള ഭീമന്മാരും, ഇന്ത്യയുടെ അഭിമാന പദ്ധതികളായ ജിഎസ്ടി (GST), യുപിഐ (UPI) എന്നിവയും പ്രവർത്തിക്കുന്നത് സ്വതന്ത്ര സോഫ്റ്റ്‌വെയർ അടിസ്ഥാനമാക്കിയാണ്.

2031-ലേക്കുള്ള ഇന്ത്യയുടെ വിദ്യാഭ്യാസ മാർഗ്ഗരേഖയിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിന് നിർണായക പങ്കുണ്ടെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. നിലവിലെ 'കാണാപ്പാഠം പഠിക്കുന്ന' രീതിയിൽ നിന്ന് മാറി 'ചെയ്തുപഠിക്കുന്ന' ഒരു സംസ്കാരത്തിലേക്ക് വിദ്യാഭ്യാസം മാറേണ്ടതുണ്ട്.












ലിറ്റിൽ കൈറ്റ്സ് പോലുള്ള പദ്ധതികൾ രാജ്യവ്യാപകമായി വികസിപ്പിക്കണം.

ഗൂഗിൾ സമ്മർ ഓഫ് കോഡ് പോലുള്ള അന്താരാഷ്ട്ര പ്രോഗ്രാമുകളിൽ പങ്കെടുത്തും ഗിറ്റ്ഹബ് (GitHub) പോലുള്ള ആഗോള പ്ലാറ്റ്ഫോമുകളിലെ ഓപ്പൺ സോഴ്സ് പ്രോജക്റ്റുകളിൽ സംഭാവനകൾ നൽകിയും വിദ്യാർഥികൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കാമെന്നും അദ്ദേഹം നിർദ്ദേശിച്ചു. ഒരു സോഫ്റ്റ്‌വെയർ ഉപയോഗിക്കാനും, അതിന്റെ പ്രവർത്തനം പഠിക്കാനും, അതിൽ മാറ്റങ്ങൾ വരുത്താനും, മറ്റുള്ളവരുമായി പങ്കുവെക്കാനുമുള്ള സ്വാതന്ത്ര്യമാണ് ഓപ്പൺ സോഴ്സിന്റെ അടിസ്ഥാന തത്വമെന്നും അദ്ദേഹം വിശദീകരിച്ചു.

പഠിതാക്കളിൽ വ്യക്തിത്വവും മൂല്യബോധവും വികസിപ്പിക്കുന്നതിലും പഠിതാവിന് പഠനം സുഗമമാക്കാനുള്ള സഹായി എന്ന നിലയിലും അധ്യാപകൻ വർത്തിക്കേണ്ടതായിട്ടുണ്ട്. അധ്യാപകർക്ക് സമൂഹവുമായിട്ടുള്ള ബന്ധം, വ്യത്യസ്ത സമൂഹത്തിൽ ഒരു ബഹുമുഖ പങ്കാളിയായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ഇവ പ്രാവർത്തികമാക്കണമെങ്കിൽ സമത്വാധിഷ്ഠിതമായ പാഠ്യപദ്ധതി ഉണ്ടാകണം.

വിദ്യാലയങ്ങൾ വെറും ഉല്പാദന കേന്ദ്രങ്ങളാകാതെ സമഗ്ര രാഷ്ട്ര/സമൂഹ വികസനത്തിനുള്ള കേന്ദ്രങ്ങളായി മാറണം. വിദ്യാലയങ്ങളിൽ കൗൺസിലർമാരുടെ സേവനം ആവശ്യമാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്. നമുക്ക് വേണ്ടത് അച്ചടക്കമാണോ സാമൂഹികസമവായമാണോ എന്നത് ചർച്ച ചെയ്യേണ്ടതുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലാകണം നമ്മുടെ വിദ്യാഭ്യാസം. ബോർഡ് എക്സാമിനേഷനുകൾക്ക് പുറമെ എല്ലാ വിധത്തിലുള്ള നേട്ടങ്ങളും ഉൾക്കൊണ്ട് കൊണ്ട് സാമൂഹിക സ്ഥിരതയുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കേണ്ടതാണെന്ന് അദ്ദേഹം വ്യക്തമാക്കി.

തുടർന്ന് സെമിനാറിൽ പങ്കെടുത്തവരുടെ സംശയങ്ങൾക്ക് വിദഗ്ധർ മറുപടി നൽകി. നിർദ്ദേശങ്ങൾ വിഷൻ 2031 ന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്കായി പരിഗണിക്കുമെന്ന് ഉറപ്പു നൽകുകയും ചെയ്തു.

ഡോ. സുപ്രിയ.എ.ആർ (സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ, എസ്.എസ്.കെ.), നന്ദി പറഞ്ഞു. 3.30 pm ന് വിഷൻ - 2031 വികസന സെമിനാർ സമാപിച്ചു.



**സ്കൂൾ വിദ്യാഭ്യാസ മേഖലയ്ക്കുള്ള വീക്ഷ ണരേഖ തയ്യാറാക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിച്ച വിഷൻ-2031 ന്റെ ഭാഗമായി നടന്ന അവതരണങ്ങളുടെയും ചർച്ചയുടെയും അടിസ്ഥാനത്തിൽ മുന്നോട്ടുവെച്ച പ്രധാന നിർദ്ദേശങ്ങൾ ഇവയാണ്.**

1. വിദ്യാർഥികൾക്ക് താല്പര്യമുള്ള വിഷയങ്ങൾ തിരഞ്ഞെടുത്തു പഠിക്കാൻ കഴിയുന്ന രീതിയിൽ സ്കൂൾ വിദ്യാഭ്യാസത്തെ കൂടുതൽ വഴക്കമുള്ള (flexible) താക്കി മാറ്റണം. ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയതിന് സമാനമായ flexibility സ്കൂൾ വിദ്യാഭ്യാസ മേഖലയിലും വേണമെന്ന അഭിപ്രായം കൂടി പരിഗണിച്ചാണിത്.
2. പ്രീ പ്രൈമറി വിദ്യാഭ്യാസത്തെ സ്കൂൾ വിദ്യാഭ്യാസത്തോട് ചേർക്കണം.
3. അധ്യാപന മേഖലയിൽ ശക്തമായി പ്രൊഫഷനലിസം കൊണ്ടുവരണം.
4. തൊഴിൽ നൈപുണി വിദ്യാഭ്യാസത്തിന് പാഠ്യപദ്ധതിയിൽ ഊന്നൽ നൽകണം.
5. മാറുന്ന സാങ്കേതികവിദ്യകൾ പഠനത്തിന്റെ ഭാഗമായി ലഭ്യമാക്കണം.



6. പ്രായത്തിന് അനുസരിച്ച് കുട്ടികളുടെ ശാരീരിക, മാനസിക, ബൗദ്ധിക, വൈകാരിക, സാംസ്കാരിക വികാസം സ്വാഭാവികമായി നടക്കുന്നതിന് ആവശ്യമായ പഠനാന്തരീക്ഷം ഉറപ്പാക്കുക.
7. പ്രവർത്തനങ്ങൾക്കും പ്രക്രിയകൾക്കും പ്രാധാന്യം ലഭിക്കത്തക്കവിധം പഠനരീതി മാറ്റണം.

8. ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ഗൗരവമേറിയ പരിഗണന നൽകണം.

9. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കൂൾ കാലഘട്ടത്തിനു ശേഷമുള്ള പുനരധിവാസം ആലോചിക്കണം.

10. ഗോത്ര - തീരദേശ മേഖലയിലെ കുട്ടികളുടെ പ്രശ്നങ്ങൾക്ക് പ്രത്യേകം പരിഗണന നൽകണം.

11. കുട്ടികളുടെ ആരോഗ്യ-കായികക്ഷമതാവികാസം ഉറപ്പുവരുത്തണം.

12. ശുചിത്വ, ഹരിത, സുരക്ഷിത ക്യാമ്പസ് ഒരുക്കണം.



**പ്രോഗ്രാം കൺവീനർ :**

**ഡോ. വിനീഷ് റ്റി.വി.** - റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

**ഡോക്യുമെന്റേഷൻ ടീം :**

**ഡോ. അഞ്ജന വി.ആർ. ചന്ദ്രൻ** - റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

**ഡോ. ബിന്ദു.എസ്** - റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

**ശ്രീമതി. ആശ സജീൻ എച്ച്.ആർ.** - റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

**ശ്രീ. ശ്രീകണ്ഠൻ വി.** - റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

**ശ്രീമതി. സൗമ്യ എം.എ.** - റിസർച്ച് അസോസ്സിയേറ്റ്, എസ്.സി.ഇ.ആർ.ടി.


2031
13




RESERVED


RESERVED















**Kerala's edu sector should be world's best, shortcomings must be addressed'**

EXPRESS NEWS SERVICE
@TPuram

TOURING through the educational history of the state, Chief Minister Pinarayi Vijayan said Kerala's education sector, which is India's best, can become the finest in the world. "The big feats in Kerala's education didn't happen overnight. From a land where a majority was illiterate and some were not even allowed to study, to the achievements today, there have been multiple conscious interventions," he said, after inaugurating the Vision 2031 one-day seminar organised by the education department at Tagore theatre on Monday.

The CM said shortcomings in the field must be addressed properly. "Government schools with smart classrooms and robotic labs will no longer be an exaggeration," he later noted on Facebook.

Stating that active discussions must be held to promote sports among children, General Education Minister V Sivankutty said children should not be denied their childishness.

Though the state has made notable achievements in education, he reiterated that special emphasis must be given to the education of disabled, tribal, coastal, and migrant children. He also said topics like the growth of extreme nationalism, climate change, technology growth and its commercialisation, concepts like federalism and secularism should be kept in mind while having long-term plans about the state's school education.

The seminar saw educationalists, academicians and industry experts talking about how the education field progress. The key revolved around professionalism should be among teachers.

**വിഷൻ 2031: വികസന ലക്ഷ്യങ്ങൾ ചർച്ച ചെയ്ത് പൊതുവിദ്യാഭ്യാസ വകുപ്പ് സെമിനാർ**

സ്കൂൾ വിദ്യാഭ്യാസം

**ആറ് വിഷയ മേഖലകളിൽ ഊന്നൽ നൽകാൻ വിദ്യാഭ്യാസ വകുപ്പിന്റെ വീക്ഷണരേഖ**

സ്വന്തം ലേഖകൻ

**കേരളത്തിന്റെ പൊതുവിദ്യാഭ്യാസം ലോകത്തിന് മാതൃകയാകണം: മുഖ്യമന്ത്രി**

വിഷൻ 2031

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.) കേരളം 2025
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം, കേരളം - 695 012
Website : www.scert.kerala.gov.in, E-mail : scertkerala@gmail.com